ക്രമപ്രശ്നം

## എസ്.ആർ.ഒ.കൾ സഭയിൽ സമർപ്പിക്കുന്നതിനുള്ള കാലതാമസം സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: സർ, നിയമസഭ ഒരു നിയമനിർമ്മാണം നടത്തിയാൽ അത് ഡെലിഗേറ്റ് ചെയ്യുന്ന അധികാരമുപയോഗിച്ച് ചട്ടങ്ങളോ ഉപചട്ടങ്ങളോ ബൈലോകളോ നിർമ്മിക്കുന്ന സാഹചര്യത്തിൽ അവ നിർമ്മിച്ചശേഷം എത്ര യുംവേഗം സഭ സമ്മേളനത്തിലാണെങ്കിൽ ആ സമ്മേളനത്തിൽ 14 ദിവസ ത്തേയ്ക്ക് സഭ മുമ്പാകെ വയ്ക്കേണ്ടതാണ്. ഇത് സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥ മൂലനിയമത്തിൽ ചേർക്കാറുണ്ട്. നിയമസഭയുടെ കാര്യനിർവഹ ണവും നടപടിക്രമവും സംബന്ധിച്ച ചട്ടങ്ങളുടെ 166-ാം വകുപ്പിലും ഇത് സംബന്ധിച്ച് പൊതു നടപടിക്രമങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കേരള ലീഗൽ മെട്രോളജി (എൻഫോഴ്സ്മെന്റ്) റൂൾസ് 2012, കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ് 2012, കേരള ക്യാപ്റ്റീവ് എലിഫന്റ്സ് (മാനേജ്മെന്റ് ആന്റ് മെയിന്റനൻസ്) റൂൾസ്, 2012 എന്നീ ചട്ടങ്ങൾ പുറപ്പെടുവിച്ചശേഷം സഭ യുടെ ഒന്നിലേറെ സമ്മേളനങ്ങൾ കഴിഞ്ഞെങ്കിലും അവ സഭ മുമ്പാകെ ഇതുവരെ വച്ചിട്ടില്ല. സഭ നൽകിയ അധികാരം ശരിയായ വിധം വിനിയോഗി ക്കുന്നുണ്ടോയെന്ന് മനസിലാക്കുവാൻ അംഗങ്ങൾക്ക് അവസരം ലഭിക്കുന്ന തിനുവേണ്ടിയാണ് ഇത്തരം വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്. എന്നാൽ സഭയിൽ ഈ ചട്ടങ്ങൾ വയ്ക്കാത്തതുകാരണം സഭാംഗങ്ങൾക്ക് ഈ അവസരവും ഭേദഗതികൾ കൊണ്ടുവരുന്നതിനുള്ള അവസരങ്ങളും നിഷേധി ക്കുകയാണ് ചെയ്തത്. തുടരെത്തുടരെ സഭയോടുള്ള അവഗണന തികച്ചും

ആശാസ്യമല്ല. ഈ സാഹചര്യത്തിൽ ഇക്കാര്യത്തിൽ അങ്ങയുടെ റൂളിംഗും അനന്തരനടപടികളും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യം ശരിയാണ്. ചട്ടങ്ങൾ നിയമസഭയിൽ സമർപ്പിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതായിരുന്നു. ഇവിടെ വന്ന ക്രമപ്രശ്നത്തിൽ പരാമർശിച്ചിട്ടുള്ള The Kerala Captive Elephants (Management and Maintenance) Rules, 2012-ന്റെ എസ്.ആർ.ഒ 870/2012 പ്രകാരം 20–12–2012–ന് സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾ മലയാള ഭാഷയിൽക്കൂടി പ്രസിദ്ധീകരിക്കുന്നതിന് പിന്നീട് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കരടു വിജ്ഞാപനം തയ്യാറാക്കി നിയമവകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്കായി 19–01–2013–ൽ അയയ്ക്കുകയുണ്ടായി. പ്രസ്തുത കരട് വിജ്ഞാപനത്തിൽ ചില ഭേദഗതികൾ വേണമെന്ന് നിയമവകുപ്പ് നൽകിയ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ കരട് വിജ്ഞാപനത്തിൽ നിയമ വകുപ്പിന്റെ ഉപദേശ പ്രകാരം ദേദഗതികൾ വരുത്തി പുതുക്കിയ കരടുവിജ്ഞാപനം സൂക്ഷ്മ പരിശോധനയ്ക്കായി വീണ്ടും 12–03–2013–ന് നിയമവകുപ്പിന് നൽകിയിരിക്കുകയാണ്. പരാമർശവിധേയമായ ചട്ടങ്ങളുടെ മലയാള ഭാഷയിലുള്ള വിജ്ഞാപനംകൂടി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചതിനാൽ പ്രസ്തുത വിജ്ഞാപനംകൂടി പ്രസിദ്ധീകരിച്ചശേഷം ഇംഗ്ലീഷിലും മലയാളത്തിലുമുള്ള ചട്ടങ്ങൾ ഒരുമിച്ച് നിയമസഭയുടെ മുമ്പാകെ സമർപ്പിക്കാമെന്ന ധാരണയിലാണ് ഇംഗ്ലീഷിലുള്ള ചട്ടത്തിന്റെ

പകർപ്പുകൾ മാത്രമായി നിയമസഭ മുമ്പാകെ സമർപ്പിക്കാതിരുന്നത്. ചട്ടങ്ങൾ പ്രസിദ്ധീകരിച്ചുകഴിഞ്ഞാൽ എത്രയും പെട്ടെന്ന് നിയമസഭ മുമ്പാകെ സമർപ്പിച്ചിരിക്കണമെന്ന വ്യവസ്ഥ ഇക്കാര്യത്തിൽ പാലിക്കപ്പെടാൻ കഴിയാതെ വന്നിട്ടുള്ളത് മന:പൂർവമായ വീഴ്ച കൊണ്ടല്ലെന്നുള്ള വസ്തുത പരിഗണിച്ച് ഇക്കാര്യത്തിലുണ്ടായ കാലതാമസം മാപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നതോടൊപ്പം പ്രസിദ്ധീകരിച്ച ചട്ടങ്ങൾ എത്രയും പെട്ടെന്ന് നിയമസഭ മുമ്പാകെ സമർപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ബോധിപ്പിച്ചുകൊള്ളുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ബഹുമാന്യനായ അംഗം ഇവിടെ ഉന്നയിച്ചതിൽ ലീഗൽ മെട്രോളജിയുമായി ബന്ധപ്പെട്ടുള്ള വിഷയമുണ്ടായിരുന്നു. കേരള ലീഗൽ മെട്രോളജി (എൻഫോഴ്സ്മെന്റ്) റൂൾസ് വിജ്ഞാപനം ചെയ്തത് 20–07–2012–ന് ജി.ഒ (എം.എസ്.)നം. 5/2012/സി.എ.ഡി പ്രകാരമാണ്. തുടർന്ന് ഗവൺമെന്റ് പ്രസ്സിൽനിന്നും ഗസറ്റ് എക്സ്ട്രാ ഓർഡിനറിയായി എസ്.ആർ.ഒ. നമ്പർ 554/2012 തീയതി 17–08–2012 പ്രകാരം പ്രിന്റ് ചെയ്ത് കിട്ടിയ പ്രസ്തുത വിജ്ഞാപനത്തിന്റെ 150 പകർപ്പുകൾ വിഷയ നിർണ്ണയ സമിതിക്ക് സൂക്ഷ്മ പരിശോധനയ്ക്കും തുടർ നടപടികൾക്കുമായി 08–02–2013–ൽ നിയമസഭാ സെക്രട്ടറിയുടെ പേരിൽ അയച്ചുകൊടുത്തിട്ടുണ്ട്. ആയത് സഭയുടെ മേശപ്പുറത്ത് സമർപ്പിക്കുമെന്ന ധാരണയാണുണ്ടായിരുന്നത്. സഭയുടെ മേശപ്പുറത്ത്

വയ്ക്കുന്നതിനായി പ്രത്യേക പകർപ്പുകൾ ആമുഖ കത്ത് സഹിതം സമർപ്പിച്ചിരുന്നില്ല. എന്നാൽ പ്രസ്തുത വിജ്ഞാപനത്തിന്റെ 150 പകർപ്പുകൾ കാലതാമസം നേരിട്ടതിനുള്ള സ്റ്റേറ്റ്മെന്റ് സഹിതം ഇതിനോടകം സമർപ്പിച്ചിട്ടുണ്ട്. വിജ്ഞാപനം യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ കഴിയാതിരുന്നതിൽ മന:പൂർവമായ വീഴ്ച വരുത്തിയിട്ടില്ല. മേലിൽ ഇത്തരം വീഴ്ചയുണ്ടാകാതിരിക്കാൻ ബന്ധപ്പെട്ടവർക്ക് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): സർ, കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ്, 2012 യഥാസമയം നിയമസഭ മുമ്പാകെ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ക്രമപ്രശ്നം ഉന്നയിച്ചത്. കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ് 2012, 30-10-2012-ൽ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായി. ഗസറ്റ് നോട്ടിഫിക്കേഷനുവേണ്ടി ടി ഉത്തരവ് 05-11-2012-ന് ഗവൺമെന്റ് പ്രസ്സ് സൂപ്രണ്ടിന് അയയ്ക്കുകയുണ്ടായി. പ്രിന്റ് ചെയ്ത പത്ത് കോപ്പികൾ 22-11-2012-ൽ സർക്കാരിൽ ലഭ്യമായി. നിയമസഭ മുമ്പാകെ സമർപ്പിക്കുവാനും മറ്റ് വകുപ്പ് മേധാവികൾക്ക് നൽകുന്നതിനുമാവശ്യമായ പകർപ്പുകൾ ലഭ്യമാക്കാൻ ഗവൺമെന്റ് പ്രസ്സ് സൂപ്രണ്ടിനോട് ആവശ്യപ്പെട്ടതിൻപ്രകാരം അവ ലഭ്യമാക്കുകയും ചെയ്തു. എസ്.ആർ.ഒ നോട്ടിഫിക്കേഷന്റെ പകർപ്പുകൾ ഈ സമ്മേളനത്തിൽതന്നെ നിയമസഭ മുമ്പാകെ സമർപ്പിക്കുന്നതാണ്. വിജ്ഞാപനം പുറപ്പെടുവിച്ച ഉടൻതന്നെ പ്രസ്തുത റൂൾസ് നിയമസഭ മുമ്പാകെ സമർപ്പിക്കാൻ കഴിഞ്ഞില്ല. ഇത് ബോധപൂർവമായ പ്രവൃത്തിയായിരുന്നില്ല. അപ്രതീക്ഷിതമായി സംഭവിച്ച

ഒരു വീഴ്ചയാണ്. ഇതിൽ നിർവ്യാജം ഖേദിക്കുന്നു. ഈ കാലതാമസം മാപ്പാക്കണമെന്ന് സവിനയം അപേക്ഷിക്കുന്നു. ഭാവിയിൽ ഇത്തരം വീഴ്ചകളുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

റൂളിംഗ്

മി. സ്പീക്കർ: സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട ചട്ടങ്ങൾ കൃത്യസമയത്ത് സഭ മുമ്പാകെ വച്ചില്ല എന്നതാണ് ശ്രീ. എം. ഉമ്മർ ക്രമപ്രശ്നത്തിലൂടെ ചൂണ്ടിക്കാണിച്ച കാര്യം. The Kerala Legal Metrology (Enforcement) Rules 2012, 17-08-2012-ലും The Kerala State Mental Health Rules 2012, 06-11-2012-ലും The Kerala Captive Elephants (Management and Maintenance) Rules 2012, 20-12-2012- ലും പ്രസിദ്ധീകരിച്ച ചട്ടങ്ങളാണ്. ഇവയെല്ലാം കേന്ദ്ര നിയമങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ-കൾ ആണ്. മെന്റൽ ഹെൽത്ത് ആക്ട്-1987, ലീഗൽ മെട്രോളജി ആക്ട്-2009 എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ അവ പുറപ്പെടുവിച്ച ശേഷം ഉടൻതന്നെ നിയമസഭയിൽ വയ്ക്കണമെന്നുണ്ട്. കേരള നിയമസഭാ നടപടി ചട്ടം 166(1) പ്രകാരവും ഈ എസ്.ആർ.ഒ-കൾ നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണെങ്കിലും അവ കേന്ദ്രനിയമങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ചട്ടങ്ങളാകയാൽ ഭേദഗതി നോട്ടീസ് നൽകുന്നതിന് അംഗങ്ങൾക്ക് അധികാരമില്ല.

1998 സെപ്റ്റംബർ 10-ന് പുറപ്പെടുവിച്ച ഡയറക്ഷൻ നമ്പർ 17 പ്രകാരം പാർലമെന്റിന്റെ ആക്ടിൽ ഉൾക്കൊള്ളുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി സംസ്ഥാന സർക്കാർ ഉണ്ടാക്കിയ ചട്ടങ്ങൾ അവ പുറപ്പെടുവിച്ച തീയതിക്കു ശേഷമുള്ള തൊട്ടടുത്ത സമ്മേളനമോ അല്ലെങ്കിൽ പ്രസ്തുത തീയതി മുതൽ രണ്ടുമാസമോ ഇതിൽ ഏതാണ് ആദ്യം വരുന്നത് അതിനുമുമ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് ലഭ്യമാക്കേണ്ടതും കാലതാമസമുണ്ടാകുന്ന പക്ഷം കാരണം കാണിക്കുന്ന ഒരു സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട മന്ത്രി സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ ചട്ടങ്ങളിൽ ആദ്യം പരാമർശിച്ച രണ്ട് ചട്ടങ്ങൾ 2012 ഡിസംബർ 10-ാം തീയതി ആരംഭിച്ച ആറാം സമ്മേളന കാലയളവിലും മൂന്നാമത്തെ ചട്ടം 2013 ഫെബ്രുവരി 1-ന് ആരംഭിച്ച ഏഴാം സമ്മേളന കാലയളവിലും സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടവയായിരുന്നു. ഇവ മേശപ്പുറത്ത് വയ്ക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്. The Kerala Legal Metrology (Enforcement) Rules സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി ഏപ്രിൽ 3-ാം തീയതിയും The Kerala State Mental Health Rules ഏപ്രിൽ 5-ാം തീയതിയും ഈ സെക്രട്ടേറിയറ്റിൽ ലഭിക്കുകയും ഇന്ന്, അവ കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് സഹിതം സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

സബ്ജക്ട് കമ്മിറ്റികളുടെ സാധൂകരണം ലഭിച്ചതിനുശേഷം മാത്രമേ എസ്.ആർ.ഒ-കൾ സഭയുടെ മേശപ്പുറത്ത് വയ്ക്കാവൂ എന്ന നിബന്ധനയില്ല. സബ്ജക്ട് കമ്മിറ്റിയുടെ പരിശോധന കൂടാതെ അടിയന്തര സാഹചര്യത്തിൽ

പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ അവ പുറപ്പെടുവിച്ചശേഷം ഉടൻതന്നെ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. ചട്ടങ്ങൾ ഉണ്ടാക്കാൻ എക്സിക്യൂട്ടീവിന് നിയമസഭ ഏൽപ്പിച്ചുകൊടുത്തിട്ടുള്ള അധികാരങ്ങൾ, അങ്ങനെയുള്ള അധികാരങ്ങളുടെ പരിധിക്കുള്ളിൽ ശരിയായി എക്സിക്യൂട്ടീവ് വിനിയോഗിക്കുന്നുണ്ടോ എന്നറിയുവാൻ സഭയ്ക്ക് അധികാരമുണ്ട്. അതിന് സഭയുടെ മേശപ്പുറത്ത് നിയമാനുസൃതം വയ്ക്കേണ്ട ചട്ടങ്ങൾ നിശ്ചിത സമയത്തു തന്നെ വയ്ക്കേണ്ടതുണ്ട്. ഇതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലുണ്ടാകുന്ന ഉപേക്ഷ ഗൗരവമായി കാണുന്നതുമാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും വീഴ്ച സമ്മതിച്ചുകൊണ്ടുതന്നെ വളരെ പോസിറ്റീവായി സഭയിൽ പറഞ്ഞതാണ്. അതും ഒരു നല്ല കീഴ്വഴക്കമാണ്. ആദ്യം പറഞ്ഞതൊക്കെ തെറ്റായ കീഴ്വഴക്കങ്ങളാണ്. പക്ഷേ ഇതൊരു നല്ല കീഴ്വഴക്കമാണെന്നുകൂടി ചെയർ ഇവിടെ അഭിപ്രായപ്പെടുന്നു. മുഖ്യമന്ത്രിയും മന്ത്രിമാരും വീഴ്ച സമ്മതിച്ചുകൊണ്ട് സഭയിൽ പറയുമെന്നുള്ള കാരണത്താൽ ഉദ്യോഗസ്ഥൻമാർ ശ്രദ്ധിക്കാതിരിക്കുകയും ചെയ്യരുത് എന്നുകൂടി ചെയർ ഓർമ്മപ്പെടുത്തുന്നു.

(നിയമനിർമ്മാണകാര്യം)